# Malayala Manorama

## 15 August 2018

## Munnar: Isolated, Landslide, Tourists Trapped



# ഒറ്റപ്പെട്ടു മൂന്നാർ; വിനോദസഞ്ചാരികൾ കുടുങ്ങി

മൂന്നാർ • കനത്തമഴയിൽ വെള്ളം കയറി മൂന്നാർ ഒറ്റപ്പെട്ടു. ടൗണും പഴയ മൂന്നാർ ഭാഗങ്ങളുമെല്ലാം വെള്ളത്തിലാണ്. വ്യാപാര സ്ഥാപനങ്ങളിലും വീടുകളിലും വെള്ളം കയറി. മൂന്നാറിലും മാട്ടുപ്പെട്ടിയിലും വിനോദസഞ്ചാരികൾ വഴിയിൽ കുടുങ്ങി. സഞ്ചാരികൾ പൊതുവേ കുറവാണെങ്കിലും എത്തിയ മിക്കവരും ഹോട്ടൽ മുറിയിൽനിന്നു പുറത്തിറങ്ങിയില്ല.

മൂന്നാറിലേക്കു വാഹനങ്ങൾ ഓടുന്നില്ല. പഴയമൂന്നാറിൽ ദേശീയപാതയിൽ അഞ്ചടിയോളം ഉയരത്തിലാണ് ഇന്നലെ വൈകിട്ട് വെള്ളം പൊങ്ങിയത്. വെള്ളത്തിൽ കുടുങ്ങിയ കെഎസ്ആർടിസി ബസിൽനിന്നു സൈന്യത്തിന്റെ സഹായത്തോടെയാണു യാത്രക്കാരെ പുറത്തിറക്കിയത്. മാട്ടുപ്പെട്ടി ഡാമിന്റെ മൂന്നു ഷട്ടറുകളിൽ ഒരെണ്ണം ഇന്നലെ രാവിലെ ഒൻപതിന് 30 സെന്റീമീറ്റർ ഉയർത്തി. ഉച്ചയ്ക്ക് 12ന് രണ്ടാമത്തെ ഷട്ടർ 15 സെന്റീമീറ്ററും. ഇതുകൊണ്ടും വെള്ളം നിയന്ത്രിക്കാൻ കഴിയാതെ ഉച്ചയ്ക്കു രണ്ടിനു മൂന്നാമത്തെ ഷട്ടറും ഉയർത്തി. ഇതോടെ മുതിരപ്പുഴയാറിൽ ജലനിരപ്പുയർന്നതാണു ടൗണിൽ വെള്ളം കയറാൻ കാരണം. ശക്തമായ മലവെള്ളപ്പാച്ചിലിൽ പഴയ മൂന്നാറിലെ 100 വർഷത്തിലധികം പഴക്കമുള്ള ആട്ടുപാലം ഒലിച്ചുപോയി. കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ടു.